പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2474 | 09.07.2015ൽ മറുപടിക്ക്

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) നിലവിൽ സംസ്ഥാനത്ത് എത്ര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇവിടെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; എത്ര അധ്യാപകരുണ്ട്; | (എ) 2013 - 2014 അദ്ധ്യയനവർഷത്തിലെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് എത്ര രൂപയാണ് ശമ്പളമായി നൽകുന്നത്; ഇവരുടെ വേതനം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ; | (ബി) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളഘടന സി.ബി.എസ്.ഇ തന്നെ നിർണ്ണയിച്ചു നൽകണമെന്നും, അതുവരെ പ്രൈമറി/മിഡിൽ സ്കൂൾ ടീച്ചേഴ്സിന് 10.000/- രൂപയും, സെക്കൻഡറി സ്കൂൾ ടീച്ചേഴ്സിന് 15.000/- രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ ടീച്ചേഴ്സിന് 20.000/- രൂപയും, ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർക്ക് 20.000/- രൂപ + അഡീഷണൽ അലവൻസ് എന്നിങ്ങനെ പ്രതിമാസ ശമ്പളം നൽകണമെന്നും ക്ലറിക്കൽ സ്റ്റാഫിന് 6000/- രൂപയും ക്ലാസ് ഫോർ സ്റ്റാഫിന് 4500/- രൂപയും പ്രതിമാസ ശമ്പളം നൽകണമെന്നും 14.09.2012 ലെ W.A No.1042/12 വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; എത്ര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ, വിദ്യാലയങ്ങൾക്ക് NOC നൽകിയിട്ടുണ്ട്? | (സി) 308 അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>549 സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ, വിദ്യാലയങ്ങൾക്ക് NOC നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

[redacted]

USQ 2474

# അനുബന്ധം

| ക്രമ നം. | ജില്ല | സി.ബി.എസ്.ഇ സ്കൂളുകൾ | | | [illegible] | | |
|---|---|---|---|---|---|---|---|
| | | സ്കൂളുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | സ്കൂളുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
| 1. | തിരുവനന്തപുരം | 93 | 94857 | 3973 | 13 | 16676 | 712 |
| 2. | കൊല്ലം | 83 | 74516 | 3025 | 17 | 20880 | 751 |
| 3. | പത്തനംതിട്ട | 46 | 40611 | 1717 | 15 | 6504 | 403 |
| 4. | ആലപ്പുഴ | 66 | 58391 | 2466 | 14 | 16431 | 512 |
| 5. | കോട്ടയം | 88 | 81756 | 3503 | 15 | 8059 | 379 |
| 6. | ഇടുക്കി | 42 | 30331 | 1332 | 4 | 2943 | 123 |
| 7. | എറണാകുളം | 150 | 145735 | 6653 | 25 | 16001 | 696 |
| 8. | തൃശ്ശൂർ | 86 | 97849 | 4405 | 16 | 10678 | 505 |
| 9. | പാലക്കാട് | 65 | 54120 | 2414 | 4 | 2811 | 135 |
| 10 | മലപ്പുറം | 79 | 62661 | 3055 | 2 | 1231 | 48 |
| 11. | കോഴിക്കോട് | 63 | 57178 | 2577 | 4 | 4100 | 161 |
| 12 | വയനാട് | 17 | 12623 | 5220 | 3 | 2194 | 81 |
| 13 | കണ്ണൂർ | 71 | 63510 | 2709 | 4 | 4615 | 206 |
| 14 | കാസർകോഡ് | 29 | 24433 | 1096 | 3 | 3162 | 129 |
| | ആകെ | 978 | 898571 | 39445 | 139 | 116285 | 4841 |

സെക്ഷൻ ഓഫീസർ